## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. * 528 02.07.2019 -ൽ മറുപടിക്ക്

## കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്

**ചോദ്യം**

ശ്രീ. എൻ.എ.നെല്ലിക്കുന്ന്
ശ്രീ. കെ.എൻ.എ ഖാദർ
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. ടി.വി.ഇബ്രാഹിം

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വിലയിരുത്തിയിട്ടുണ്ടോ; ഇത് ദേശീയ ശരാശരിയുമായി എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു; വിശദീകരിക്കുമോ; | (എ) | ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ തൊഴിലില്ലായ്മാ നിരക്ക് ഉയർന്നു നിൽക്കുന്നതായാണ് സ്ഥിതി വിവര കണക്കുകൾ രേഖപ്പെടുത്തുന്നത്. കേരളത്തിന്റെ ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം 3.34 കോടിയായാണ് കണക്കാക്കിയിരിക്കുന്നത്. നിലവിലെ കണക്കനുസരിച്ച് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽരഹിതരുടെ എണ്ണം 35,63,477 ആണ്. 2017-2018 ലെ കണക്ക് പ്രകാരം ശരാശരി ദേശീയ തൊഴിലില്ലായ്മ നിരക്ക് 6.1 ആണ്. കേരളത്തിൽ തൊഴിലില്ലായ്മ നിരക്ക് ജനസംഖ്യയുടെ 10.67 ശതമാനമാണ്. എന്നാൽ ദേശീയ തലത്തിൽ ത്രിപുര (19.7), സിക്കിം (18.1) തുടങ്ങിയ സംസ്ഥാനങ്ങളിൽ കേരളത്തിനെക്കാൾ കൂടുതൽ തൊഴിലില്ലായ്മ രേഖപ്പെടുത്തിയിട്ടുണ്ട്. 2015 ൽ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 12.5 ശതമാനമായിരുന്നത് നിലവിൽ 10.67 ശതമാനമായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കി വരുന്ന വിവിധ കരിയർ - നൈപുണ്യ വികസന പദ്ധതികളായ എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന തൊഴിലന്വേഷകർക്ക് ആവശ്യമായ തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങൾ, മത്സര പരീക്ഷ പരിശീലന പരിപാടികൾ, നൈപുണ്യ പരിശീലനങ്ങൾ, |

മോക്ക് ഇന്റർവ്യൂകൾ തുടങ്ങി വിവിധങ്ങളായ പരിശീലനങ്ങൾ നൽകി വരുന്നു. ഇപ്രകാരമുള്ള പരിശീലനങ്ങളിലൂടെ പൊതു സ്വകാര്യ മേഖല-യിലെ വിവിധ ജോലികൾ നേടിയെടുക്കുന്നതിന് തൊഴിലന്വേഷകരെ പ്രാപ്തരാക്കി, കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ഒരു പരിധി വരെ കുറയ്ക്കുവാൻ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ശ്രമിച്ചിട്ടുണ്ട്. ഇതിനു പുറമെ സ്വകാര്യ മേഖലയിലെ നിലവിലുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനു എംപ്ലോയബിലിറ്റി സെന്ററുകൾ മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ് ഫെയർ/പ്ലെയ്സ്മെന്റ് ഡ്രൈവ്, മേഖലാടി സ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ച് വരുന്നുണ്ട്.

തൊഴിലില്ലായ്മയുടെ തോത് ഒരു പരിധി വരെ കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിലവിൽ നടപ്പാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>കെസ്റു:- (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)</u>**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 2180 സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3,97,59,482/- രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുണ്ട്.

**<u>മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്</u>**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന്

| | | | |
|---|---|---|---|
| | | | ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണിത്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 219 ജോബ് ക്ലബ്ബുകൾ ആരംഭിക്കുന്നതിന് 3,39,86,219/- രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുണ്ട്.<br>**<u>ശരണ്യ</u>**<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷി-ക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യ രോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 11,768 വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 58,51,00,000/- രൂപ പലിശ രഹിത വായ്പ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.<br>**<u>കൈവല്യ</u>**<br>ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചു-യർത്താൻ കേരള സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി 2016 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | ഉയർന്ന വിദ്യാഭ്യാസ യോഗ്യതകളും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകളും നേടിയിട്ടുള്ള നിരവധി പേർ കേരളത്തിൽ തൊഴിൽ ലഭ്യമാകാതെ അന്യനാടുകളി-ലേക്ക് പോകുന്ന സാഹചര്യം പരിശോധി-ച്ചിട്ടുണ്ടോ; ഇവർക്ക് കേരളത്തിൽത്തന്നെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | നൂതനങ്ങളായ തൊഴിലവസരങ്ങൾ കണ്ടെത്തി ആയതിന് തൊഴിലന്വേഷകരെ പ്രാപ്തരാക്കുന്ന-തിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന-തിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടി-സ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**